Page 1 of 1

6. ട്രാവൻകൂർ കൊച്ചിൻ കെമിക്കൽസ് ലിമിറ്റഡ് എ.ജി.-യുടെ പരാമർശത്തിന്റെ അടിസ്ഥാനത്തിൽ കമ്പനിയുടെ ഐ.റ്റി. പോളിസി, സെക്യൂരിറ്റി പോളിസി, ബാക്ക് അപ് പോളിസി എന്നിവ ഉൾപ്പെടുത്തിക്കൊണ്ടുള്ള സമഗ്ര ഐ.റ്റി. പോളിസി ഡോക്യുമെന്റ് രൂപകല്പന അവസാന ഘട്ടത്തിലാണ്.

7. കേരള സ്റ്റേറ്റ് കയർ കോർപ്പറേഷൻ ലിമിറ്റഡ് കമ്പനിയിൽ 2014-ൽ നടപ്പാക്കിയ ഇ.ആർ.പി. സംവിധാനത്തിന്റെ പോരായ്മകൾ പരിഹരിക്കുകയും ഭാവിയിൽ ആവർത്തിക്കാതിരിക്കാനുള്ള നടപടി സ്വീകരിക്കുകയും ചെയ്തിട്ടുണ്ട്. ഇതുകൂടാതെ ചെലവേറിയ ഇ.ആർ.പി. സംവിധാനം നടപ്പാക്കുന്നതിന്റെ പ്രയോജനം എത്രത്തോളമുണ്ടെന്നും വ്യവസായ വകുപ്പിന് കീഴിലുള്ള വിവിധ സ്ഥാപനങ്ങളിൽ ഇ.ആർ.പി. നടപ്പാക്കുന്നതിലെ പ്രായോഗികത സംബന്ധിച്ചും പഠനം നടത്തുവാൻ കേരള യൂണിവേഴ്സിറ്റി ഓഫ് ഡിജിറ്റൽ സയൻസസ് ആൻഡ് ഇന്നവേഷൻ ടെക്നോളജി (KUDSIT) എന്ന സ്ഥാപനത്തെ ചുമതലപ്പെടുത്തിയിട്ടുണ്ട്. ഓരോ പൊതുമേഖലാ സ്ഥാപനങ്ങളിലും അത്യാവശ്യംവേണ്ട പ്രവർത്തനമേഖലകളെ സംയോജിപ്പിച്ചുകൊണ്ട് ചെലവ് കുറഞ്ഞ രീതിയിൽ ഇ.ആർ.പി. സംവിധാനം നടപ്പിലാക്കുന്നതിനുള്ള സാദ്ധ്യതകളും ഇതിന്റെ ഭാഗമായി പരിശോധിക്കുന്നതാണ്.

**ടൈറ്റാനിയം കോപ്രാസ് റിക്കവറി പ്ലാന്റിന്റെ പ്രവർത്തനം**

130(144) ശ്രീ. പി. ഉബൈദുള്ള: താഴെക്കാണുന്ന ചോദ്യങ്ങൾക്ക് നിയമം, വ്യവസായം, കയർ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) 2021 ഫെബ്രുവരി 15-ന് ഉദ്ഘാടനം കഴിഞ്ഞ ട്രാവൻകൂർ ടൈറ്റാനിയത്തിലെ (ടി.ടി.പി.) കോപ്രാസ് റിക്കവറി പ്ലാന്റിന്റെ പ്രവർത്തനം (സി.ആർ.പി.) ഇതുവരേയും ആരംഭിച്ചിട്ടില്ലെന്നകാര്യം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

&

(ബി) ടി.ടി.പി.-യിലെ ടൈറ്റാനിയം ഡയോക്സൈഡ് നിർമ്മാണത്തിലെ നിർണ്ണായക ഘടകമായി മാറാവുന്ന പ്ലാന്റിന്റെ പ്രവർത്തനം എന്നത്തേയ്ക്ക് പൂർത്തീകരിച്ച് കമ്മീഷൻ ചെയ്യാൻ സാധിക്കുമെന്ന് വെളിപ്പെടുത്താമോ?

ഉണ്ട്. കോപ്രാസ് റിക്കവറി പ്ലാന്റിന്റെ കമ്മീഷനിംഗുമായി ബന്ധപ്പെട്ട അവസാനഘട്ട പ്രവർത്തനങ്ങൾകൂടി നടപ്പാക്കാനുണ്ട്. നിലവിലെ സാഹചര്യത്തിൽ പ്ലാന്റിന്റെ അവസാനഘട്ട കമ്മീഷനിംഗ് 2021 സെപ്തംബർ മാസം പൂർത്തീകരിക്കാൻ സാധിക്കുമെന്നാണ് കരുതുന്നത്.

LIBRARY ARCHIVES Kerala Legislative Assembly